**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണ നിയമം-പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക ഗോത്രങ്ങളിൽപ്പെട്ട വനാശ്രിത സമൂഹത്തിന് വനാവകാശ നിയമപ്രകാരം ലഭിച്ചിട്ടുള്ള അവകാശങ്ങൾ കേന്ദ്ര സർക്കാരിന്റെ പുതിയ വന സംരക്ഷണ നിയമം വഴി ഇല്ലാതാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിശദമായി പരിശോധിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വനാവകാശ നിയമ നിയമപ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചെന്നും പ്രസ്തുത നിയമ പ്രകാരം എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും ഉള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം 1143 പേർക്ക് 1426.15 ഏക്കർ ഭൂമിയ്ക്കുള്ള കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. 482 അപേക്ഷകൾ ഗ്രാമസഭയിലും 3375 അപേക്ഷകൾ SDLC-യിലും 128 അപേക്ഷകൾ DLC-യിലും തീർപ്പാക്കാനുണ്ട്. |
| (സി) | അർഹരായ എല്ലാവർക്കും കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഗ്രാമസഭ, SDLC, DLC തലത്തിൽ പെന്റിംഗുള്ള അപേക്ഷകൾ പാസ്സാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | വനത്തിനുള്ളിലും വനത്തിന്റെ പരിസരത്തും താമസിക്കുന്ന പട്ടിക ഗോത്രങ്ങളിൽ പെട്ടവരുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ഭൂരാഹിത്യം പരിഹരിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികളെക്കുറിച്ചും വിശദമാക്കാമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ദുർബല ഗോത്ര വർഗ്ഗക്കാർക്കുള്ള പദ്ധതി, അടിയ പണിയ പാക്കേജ് പദ്ധതി എന്നിവയുടെ പ്രധാന ഗുണഭോക്താക്കൾ വനത്തിനുള്ളിലും വനത്തിന്റെ പരിസരത്തും താമസിക്കുന്ന പട്ടികവർഗ്ഗക്കാരാണ്. ഇടുക്കി ജില്ലയിൽ പൂർണ്ണമായും വനത്തിൽ സ്ഥിതി ചെയ്യുന്ന ഇടമലക്കുടിയുടെ വികസനത്തിനായി ഇടമലക്കുടി പാക്കേജ് പദ്ധതിയും നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാരുടെ സമഗ്ര ഉന്നമനത്തിനായി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസനം, സാമൂഹ്യ സുരക്ഷ പരിപാടികൾ എന്നിവയിലൂടെയും പ്രസ്തുത വിഭാഗത്തിന്റെ സമഗ്ര ഉന്നമനം സാധ്യമാകുന്നു. നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിദ്യാഭ്യാസം

- പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
- വിദ്യാവാഹിനി പദ്ധതി
- അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ് മെന്റ് പദ്ധതി
- ട്യൂട്ടോറിയൽ ഗ്രാന്റ്
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
- രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
- ലാപ്ടോപ്പ് വിതരണം
- വിദേശപഠനത്തിനുള്ള ധനസഹായം
- വസ്ത്ര വിതരണം
- ഹോസ്റ്റലുകൾ/എം.ആർ.എസ്സുകൾ
- അന്യസംസ്ഥാന പഠനം
- സാമൂഹ്യ പഠന മുറി
- മെന്റർ ടീച്ചർ പദ്ധതി
- സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
- പൊതു പ്രവേശനപരീക്ഷാ പരിശീലനം.

## ആരോഗ്യം

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
- ജനനി ജന്മരക്ഷാ പദ്ധതി
- പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി
- ആംബുലൻസ് സേവനം
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ഒ.പി ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

## സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികൾ

- അടിയ പണിയ പ്രാക്തനവർഗ്ഗങ്ങൾ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പാക്കേജ്.

- ഭക്ഷ്യ സഹായ പദ്ധതി
- കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
- ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം
- ഊരുകൂട്ടങ്ങൾ
- പ്രത്യേക കേന്ദ്ര സഹായ പദ്ധതി
- ഭവനപുനരുദ്ധാരണം
- പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം
- ഏറ്റവും പിന്നോക്കമായ പട്ടികവർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം
- വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)
- പട്ടികവർഗ്ഗ പ്രദേശത്തും, വനത്തിനുള്ളിലും താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- കമ്മ്യൂണിറ്റി കിച്ചൻ
- വൈദ്യന്മാർക്ക് ധനസഹായം
- പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി
- കേരള ട്രൈബൽ പ്ലസ്
- ഗോത്രജീവിക
- മില്ലറ്റ് വില്ലേജ്
- സാമൂഹ്യപ്രവർത്തകരുടെ സേവനം
- മിശ്രവിവാഹ ധനസഹായം
- നമത് വെള്ളാമെ പദ്ധതി
- ഹരിതരശ്മി

ലൈഫ് മിഷൻ മുഖേന ഭവന രഹിതർക്കും, ഭൂരഹിത ഭവന രഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ 75 കൊല്ലമോ, 25 കൊല്ലമോ വീതമുള്ള തുടർച്ചയായ മൂന്ന് തലമുറകളിലായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം 2006 പ്രകാരം കൈവശാവകാശരേഖയും നൽകിവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂഭൂമി വിതരണം എന്നീ പദ്ധതികളിലായി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണം ചെയ്തുവരുന്നു. ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ വീടും അനുവദിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ